# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1115**

06.06.2018 ലെ മറുപടി

### വൈപ്പിൻ മണ്ഡലത്തിലെ ഓവർഹെഡ് ടാങ്കുകളുടെ നിർമ്മാണം

**ചോദ്യം**

**ശ്രീ. എസ്. ശർമ്മ**

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ 'ജിഡ' കുടിവെള്ളപദ്ധതിയുടെ ഭാഗമായ മുരിക്കുംപാടം, ഞാറക്കൽ ഓവർഹെഡ് ടാങ്കുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണങ്ങൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

**മറുപടി**

**ശ്രീ. മാത്യു ടി തോമസ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ 'ജിഡ' കുടിവെള്ളപദ്ധതിയുടെ ഭാഗമായ മുരിക്കുംപാടം ഓവർഹെഡ് ടാങ്കിന്റെ 35 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ വിവിധ പൈൽക്യാപ്പ്, പ്ലിന്ത് ബീം, ഫ്ലോർ സ്ലാബ്, ആദ്യ ബ്രേസ് ബീം വരെയുള്ള കോളങ്ങൾ, ഈ ലെവെലിലുള്ള ഫ്ലോർ സ്ലാബ്, അതുവരെയുള്ള സ്റ്റെയർ കെയ്സ് എന്നിവയാണ് പൂർത്തിയാക്കിയത്. ഞാറക്കൽ ഓവർഹെഡ് ടാങ്കിന്റെ നിർമ്മാണം 55 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ വിവിധ പൈൽക്യാപ്പ്, പ്ലിന്ത് ബീം, രണ്ടു ലെവൽ ബ്രേസ് ബീം, മൂന്ന് ലെവൽ കോളം, മൂന്നാം ലവലിൽ 45 കോളങ്ങളുടെ ബ്രേസ് ബീം, അതുവരെയുള്ള സ്റ്റെയർ കെയ്സ് എന്നിവയാണ് പൂർത്തിയാക്കിയത്.

(ബി) സാങ്കേതികകാരണങ്ങളാൽ ആദ്യ ദർഘാസ് റദ്ദാക്കി, പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**